പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2707 **28-10-2026-ൽ മറുപടിയ്ക്ക്**

കനാൽ നവീകരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എൻ. ബാലഗോപാൽ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ കനാലുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി കഴിഞ്ഞ സർക്കാർ എത്ര കോടി രൂപ അനുവദിച്ചിരുന്നെന്ന് അറിയിക്കാമോ;

മറുപടി: ഇറിഗേഷൻ പ്രോജക്ടിന്റെ കനാലുകളുടെ നവീകരണത്തിനും, പുനരുദ്ധാരണത്തിനുമായി കഴിഞ്ഞ സർക്കാർ പ്ലാൻ, നോൺ പ്ലാൻ സ്കീമുകളിലായി ഏകദേശം 49.59 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തുക ഉപയോഗിച്ച് എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും അതിനായി ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ;

മറുപടി: പ്രസ്തുത തുക ഉപയോഗിച്ച് 562 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ആയതിനായി 21.7169 കോടി രൂപ ചെലവഴിച്ചിട്ടുള്ളതും, ബാക്കി പ്രവൃത്തികൾ പുരോഗതിയിലുമാണ്.

(സി) കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ ഓയൂർ ബ്രാഞ്ച് കനാൽ ചെയിനേജ് 9500m ന് സമീപം കനാൽ തകർന്ന് ജലവിതരണം സാധ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഭാഗത്ത് കനാലും കനാൽ ബണ്ട് റോഡും പുനർനിർമിക്കുന്നതിനായി Reconstruction of Breached Embankment of Oyoor Branch Canal at Ch.9500 m in Veliyam Grama Panchayat, Kottarakkara Constituency എന്ന പ്രവർത്തിയ്ക്ക് 250 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി (PRICE ID: IRR/PII/EST/1874/2026_5_1_1) ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതു സർക്കാർ പരിഗണനയിലാണ്.

(ഡി) പ്രസ്തുത ഭാഗത്ത് കനാൽ പൂർവ്വസ്ഥിതിയിലാക്കുന്നതിന് തയ്യാർ ചെയ്ത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഭാഗത്ത് കനാലും കനാൽ ബണ്ട് റോഡും പുനർനിർമിക്കുന്നതിനായി Reconstruction of Breached Embankment of Oyoor Branch Canal at Ch.9500 m in Veliyam Grama Panchayat, Kottarakkara Constituency എന്ന പ്രവർത്തിയ്ക്ക് 250 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി (PRICE ID: IRR/PII/EST/1874/2026_5_1_1) ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതു സർക്കാർ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ